നമ്പർ 329/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹവികാരിമാരും, ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ പ്രിയരെ,

ലോകരക്ഷിതാവായ ദൈവപുത്രന്റെ ജനനപ്പെരുന്നാളായ ക്രിസ്തുമസ്സിനെ വരവേൽക്കുവാൻ വീണ്ടും നാം ഒരുങ്ങുകയാണ്. നിരവധി ആഘോഷങ്ങളിൽ വേറിട്ടു നിൽക്കുന്ന ഒന്നാണ് ക്രിസ്തുമസ്. മറ്റ് ആഘോഷങ്ങളെല്ലാം ഏതെങ്കിലും മേഖലയിലോ ജനങ്ങളിലോ മാത്രം ഒതുങ്ങുമ്പോൾ ക്രിസ്തുമസ് സമസ്ത ലോകജനതയുടെയും ആഘോഷമാണ്. ബേത്‌ലഹേമിൽ ഉദിച്ചുയർന്ന ദിവ്യപ്രഭ ലോകമെങ്ങും വ്യാപിച്ചതിന്റെ പ്രത്യക്ഷ ലക്ഷണമാണ് ഈ ആഘോഷം. തികച്ചും സാധാരണക്കാരനായി, കീറത്തുണികളാൽ പൊതിയപ്പെട്ട് കാലിത്തൊഴുത്തിൽ കാണപ്പെട്ടവൻ ഇന്ന് സർവ്വജാതികളുടെയും ആരാധ്യനായി നിലകൊള്ളുന്നു. ക്രൈസ്തവകുലം അവനെ ആരാധ്യനായ ദൈവപുത്രനായി അംഗീകരിക്കുമ്പോൾ, സമസ്തമാനവകുലത്തിനും അവൻ ഉത്തമ മാതൃകയും ശ്രേഷ്ഠ ഗുരുവുമാണ്.

ജനനംകൊണ്ടും ജീവിതംകൊണ്ടും ശ്രേഷ്ഠമായിത്തീർന്ന ആ മഹാ വ്യക്തിത്വത്തിനുള്ള അംഗീകാരമായിട്ടാണ് ലോകം ക്രിസ്തുമസ് ആഘോഷിക്കുന്നത്. പരിശുദ്ധ സഭയെ സംബന്ധിച്ചിടത്തോളം ഇത് അരുമ രക്ഷകന്റെ ത്യാഗ നിർഭരമായ മനുഷ്യാവതാരത്തിന്റെ സമാരംഭമാണ്. കാൽവറിയിലേക്കുള്ള യാത്ര ഇവിടെ തുടങ്ങുന്നു. പാപത്തിന്റെയും നിരാശയുടെയും കയത്തിൽ നിന്നുള്ള വിമോചനത്തിന്റെ ആരംഭം. ഈ പ്രതീക്ഷയിൽ ക്രിസ്തുമസ് നമുക്ക് ആഘോഷിക്കാം.

സംഭവബഹുലമായ ഒരു വർഷംകൂടി നാം പിന്നിടുകയാണ്. തിരക്കുകളുടെ മദ്ധ്യത്തിൽ കാലം കടന്നുപോകുന്നതുതന്നെ നാം അറിയുന്നില്ല. നഷ്ടങ്ങളുടെയും, നൊമ്പരങ്ങളുടെയും അനുഭവങ്ങൾ ഉണ്ടെങ്കിലും ഇക്കാലത്ത് നാം അനുഭവിച്ച ദൈവകൃപ എത്രയോ അത്ഭുതാവഹമായിരുന്നു എന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം, നന്ദി കരേറ്റാം. സംഭവിച്ച പരാജയങ്ങൾ ഓർത്ത് അനുതപിക്കാം, പുതിയ ദിശാബോധം

(മറുപുറം)

സ്വന്തമാക്കാം. വ്യക്തിപരമായ ജീവിതത്തിൽ സ്വയം നിയന്ത്രിക്കുവാനുള്ള ശേഷിയും, കുടുംബങ്ങളിൽ സ്വസ്ഥതയും, ഇടവകയിലും സമൂഹത്തിലും ഐക്യവും സഹകരണവും ഉണ്ടാകണം. ഇതിനായി നമുക്ക് സ്വയം ദൈവത്തിൽ സമർപ്പിക്കാം.പുതുവർഷ ജാഗരണം നമ്മുടെ എല്ലാ പള്ളികളിലും നടത്തുന്ന രീതി പതിവുള്ളതാണല്ലോ. ആയത് എല്ലാ ഇടവകകളിലും സൗകര്യപ്രദമായ രീതിയിൽ ക്രമീകരിക്കണം. അനുതാപത്തോടും പ്രാർത്ഥനയോടുംകൂടി ദൈവസന്നിധിയിൽ നമ്മെത്തന്നെ സമർപ്പിക്കുന്നതിനും പുതുശക്തി പ്രാപിക്കുന്നതിനുമുള്ള സന്ദർഭമായി പുതുവർഷ ജാഗരണത്തെക്കണ്ട് സഭാ മക്കൾ ഏവരും കുടുംബമായി ഒരുങ്ങണമെന്ന് നാം ഓർമിപ്പിക്കുന്നു. എല്ലാവരും വർഷാരംഭത്തിൽ വി. കുർബ്ബാന അനുഭവിക്കണം. നിങ്ങൾക്കേവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ക്രിസ്തുമസ് പുതുവൽസരാശംസകൾ നാം നേർന്നുകൊള്ളുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2007 ഡിസംബർ മാസം 05 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.